**ഭരണഭാഷ മാതൃഭാഷ**

നം/ഐസിഡിഎസ്സ്/എ7-5914/21(1)

വനിതശിശുവികസനഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി -08/06/2021
ഇമെയിൽ directorate.wcd@kerala.gov.in
ഫോൺ നം 0471-2346534

വനിതശിശുവികസനഡയറക്ടർ

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും

സർ

വിഷയം : വനിതശിശുവികസനവകുപ്പ്- MGNREGS മായി ചേർന്നുള്ള അങ്കണവാടി കെട്ടിട നിർമ്മാണം-പ്രൊപ്പോസൽ ലഭ്യമാക്കുന്നത്-സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ 31/03/2021 ലെ ഐസിഡിഎസ്സ്/എ7-5914/21 നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. MGNREGS പദ്ധതി പ്രകാരം കെട്ടിടം നിർമ്മാണം സാദ്ധ്യമാകുന്നതും സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി ലഭിക്കുന്നതിനായി ശിശുവികസനപദ്ധതി ആഫീസർമാരിൽ നിന്നും പ്രൊപ്പോസലുകൾ ശേഖരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. 2021-22 വർഷത്തിൽ 203 അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ അടിയന്തിരമായി പ്രൊപ്പോസലുകൾ പഞ്ചായത്ത് കമ്മറ്റി തീരുമാനം സഹിതം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു. നിലവിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം ലഭ്യമാക്കാതെ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മറ്റി തീരുമാനവും തപാലിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വനിതശിശുവികസനഡയറക്ടർക്കു വേണ്ടി

**പകർപ്പ്**

എല്ലാ ശിശുവികസനപദ്ധതി ആഫീസർമാർക്കും